# കേരള സർക്കാർ
## ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്
### ജില്ലാ ഇൻഫർമേഷൻ ഓഫീസ്, തൃശൂർ

## പത്രക്കുറിപ്പ്
**2020 മെയ് 05 ചൊവ്വ**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

www.prd.kerala.gov.in.
videos: http://www.clipmail.kerala.gov.in
email: diothrissur@gmail.com

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

## പാർട്ട് – 1

### യുപിയിലേക്കുള്ള വണ്ടി മെയ് 8 ന്, 9 ന് ഒഡീഷയിലേക്കും
## പ്രവാസികളെ സ്വീകരിക്കാൻ ജില്ല ഒരുങ്ങി; 12000 നിരീക്ഷണ മുറികൾ സജ്ജം: ജില്ലാ കളക്ടർ എസ് ഷാനവാസ്

സംസ്ഥാനത്ത് പുറത്ത് കഴിയുന്ന മലയാളികൾ തിരിച്ചെത്തുന്ന സാഹചര്യത്തിൽ അവരെ നിരീക്ഷണത്തിലാക്കാനുള്ള മുഴുവൻ ഒരുക്കങ്ങളും ജില്ലയിൽ പൂർത്തീകരിച്ചതായി ജില്ലാ കളക്ടർ എസ് ഷാനവാസ് അറിയിച്ചു. കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ വാർത്താസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ഇതര സംസ്ഥാനങ്ങളിൽ നിന്നുള്ള അപേക്ഷകളിന്മേൽ ഇത് വരെ 260 പാസുകൾ നൽകി കഴിഞ്ഞു. 2800 പാസുകൾക്കുള്ള അപേക്ഷകൾ പരിശോധിച്ച് വരികയാണ്. ഒരു ദിവസം 500 എന്ന തോതിലാണ് പാസ് അനുവദിക്കുക. ഇതിനായി പ്രത്യേക ഉദ്യോഗസ്ഥസംഘത്തെ നിയോഗിച്ചു. ഇങ്ങനെ വരുന്ന വരെ കോവിഡ് കെയർ സെന്ററുകളിൽ നിരീക്ഷണത്തിലാക്കും. വിദേശരാജ്യങ്ങളിൽ നിന്നുള്ള മലയാളികൾ വരുന്ന ആഴ്ച മുതൽ എത്തുമെന്നാണ് ധാരണ. 47500 പേരാണ് ഇത് വരെ രജിസ്ട്രർ ചെയ്തിരിക്കുന്നത്. 15 ഫ്ളൈറ്റുകളാണ് ഇവർക്കായി ഒരുക്കിയത്. ആദ്യആഴ്ച 3800 പേരാവും കേരളത്തിലെത്തുക. ഇതിൽ 500 പേർ തൃശൂരിലേക്കെത്തുമെന്നാണ് പ്രതീക്ഷ. ഇത്തരക്കാരെ നിരീക്ഷണത്തിലാക്കുന്നതിന് 12000 മുറികൾ ഒരുങ്ങി കഴിഞ്ഞു. ഓരോ കെട്ടിടത്തിനും ചുമതലക്കാരാനായ ഒരു ഓഫീസർ, ഒരു മെഡിക്കൽ ഓഫീസർ, വളണ്ടിയർമാർ, ആയുർവേദ ഡോക്ടർമാരുടെ സംഘം എന്നിവരെ ചുമതലപ്പെടുത്തി. അതത് തഹസിൽദാർമാർക്കാണ് കമാണ്ടിംഗ് ഓഫീസറുടെ ചുമതല. പ്രവാസി മലയാളികളുടെ വരവ് ഏകോപിപ്പിക്കാൻ ഡെപ്യൂട്ടി കളക്ടറുടെ നേതൃത്വത്തിൽ ഉദ്യോഗസ്ഥസംഘം പ്രവർത്തനനിരതമാണ്.

റോഡ്, റെയിൽ, കപ്പൽ, വിമാനം എന്നിവ വഴിയെത്തുന്നവരുടെ വിവരങ്ങളറിയാൻ ജില്ലാ കളക്ടറേറ്റിൽ പ്രത്യേകമായി 5 ഫോൺ നമ്പറുകൾ ഏർപ്പെടുത്തി. ഇവ അടുത്തദിവസം പ്രസിദ്ധീകരിക്കും. ജില്ലയിലെത്തുന്നവർക്ക് യാതൊരു ബുദ്ധിമുട്ട് ഉണ്ടാകാത്ത വിധത്തിലാവും സംവിധാനങ്ങൾ പ്രവർത്തിക്കുക.

ട്രെയിൻമാർഗ്ഗം ജില്ലയിലെത്തുന്നവർക്കായി തൃശൂർ റെയിൽവേ സ്റ്റേഷനിൽ പ്രത്യേക സംവിധാനങ്ങൾ ഒരുക്കും. പോക്കും വരവും പ്രത്യേക വഴികളിലൂടെ പരിമിതപ്പെടുത്തുമെന്നും പ്രത്യേക ആരോഗ്യ പരിശോധന സൗകര്യം വിശ്രമസൗകര്യം എന്നിവ ഏർപ്പെടുത്തുമെന്നും ജില്ലാ കളക്ടർ എസ് ഷാനവാസ് പറഞ്ഞു.

ജില്ലയിലെ അതിഥി തൊഴിലാളികൾക്ക് നാട്ടിലേക്ക് തിരിച്ച് പോകാനുള്ള സൗകര്യങ്ങളും തുടരുന്നു. മെയ് 8 ന് ഉത്തർപ്രദേശിലേക്കും 9 ന് ഒറീസയിലേക്കും തൃശൂരിൽ നിന്നും തീവണ്ടി

കൾ പുറപ്പെടും. ഉത്തർപ്രദേശിലേക്കുള്ള വണ്ടിയിൽ 600 പേർക്കാവും പ്രവേശനം. ബംഗാൾ സർക്കാരുമായി തുടരുന്ന ചർച്ചയുടെ അടിസ്ഥാനത്തിൽ വരും ദിവസങ്ങളിൽ ബംഗാളിലേക്കും വണ്ടി ഏർപ്പെടുത്തും. ആരോഗ്യ പരിശോധന മറ്റ് സുരക്ഷാമാനദണ്ഡങ്ങൾ പാലിച്ചാവും അതിഥി തൊഴിലാളികളെ തിരിച്ചയ്ക്കുമെന്ന് ജില്ലാ കളക്ടർ എസ് ഷാനവാസ് വ്യക്തമാക്കി.

***ഫോട്ടോ അടിക്കുറിപ്പ്: കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ വാർത്താസമ്മേളനത്തിൽ സംസാരിക്കുന്ന ജില്ലാ കളക്ടർ എസ് ഷാനവാസ്***

# ജില്ലയിലെ 50% നിർമ്മാണപ്രവർത്തികളും പുനരാരംഭിച്ചു: ജില്ലാ കളക്ടർ എസ് ഷാനവാസ്

ജില്ലയിൽ കോവിഡ് 19 ലോക്ക് ഡൗൺ മൂലം മുടങ്ങിപ്പോയ നിർമ്മാണപ്രവർത്തികളുടെ 50 ശതമാനത്തിലേറെ പുനരാരംഭിക്കാൻ കഴിഞ്ഞതായി ജില്ലാ കളക്ടർ എസ് ഷാനവാസ് അറിയിച്ചു. പവർ ഗ്രിഡ് കോർപ്പറേഷന്റെ ഭൂഗർഭ കേബിളിടൽ, കുതിരാൻ തുരങ്കത്തിലെ നിർമ്മാണപ്രവർത്തികൾ; ഗ്രാമപഞ്ചാത്തുകളിലും മറ്റും നടക്കുന്ന നിർമ്മാണങ്ങൾ തുടങ്ങിയാണ് ലോക്ക് ഡൗൺ ഇളവിന്റെ പശ്ചാത്തലത്തിൽ പുനരാരംഭിച്ചത്. നിർമ്മാണ സാമഗ്രികളുടെ അമിതവിലക്കയറ്റവും കരിഞ്ചന്തയും തടയാൻ നടപടികൾ സ്വീകരിച്ചതായും കളക്ടർ അറിയിച്ചു. നിർമ്മാണ മേഖലയിലുള്ളവർക്ക് പ്രത്യേക പാസ് അനുവദിച്ചാണ് പ്രവർത്തനം. ഇക്കാര്യങ്ങൾ ചർച്ച ചെയ്യാൻ കഴിഞ്ഞ ദിവസം തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി എ സി മൊയ്തീന്റെ സാന്നിദ്ധ്യത്തിൽ ക്വാറി ഉടമകൾ, നിർമ്മാണരംഗത്തെ കമ്പനികൾ, വാഹനഉടമകൾ തുടങ്ങിയവയുടെ പ്രത്യേകയോഗം വിളിച്ച് കാര്യങ്ങൾ ചർച്ച ചെയ്തതായും വാഹനാവാടകയുടെ കാര്യത്തിൽ ധാരണയിലെത്തിയതായും ജില്ലാ കളക്ടർ എസ് ഷാനവാസ് പറഞ്ഞു.

# ചുമട്ടുതൊഴിലാളിയുടെ വക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് 1 ലക്ഷം രൂപ

ചുമട്ടുതൊഴിലാളി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് 1 ലക്ഷം രൂപ നൽകി. നിത്യജീവിതത്തിന് പ്രയാസപ്പെട്ടിരുന്ന കുന്നംകുളം ബസ് സ്റ്റാന്റിലെ ചുമട്ടുതൊഴിലാളി കെ വി സത്യനാണ് ഒരു ലക്ഷം രൂപ നൽകിയത്. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എ സി മൊയ്തീൻ ഏറ്റുവാങ്ങി. സത്യന് 2 മാസം മുൻപ് കേരള ലോട്ടറിയുടെ ഒന്നാം സമ്മാനം ലഭിച്ചിരുന്നു. പഴകിയ വീട് പൊളിച്ച് മാറ്റി പുതിയ വീട് നിർമ്മിക്കുന്നതിനുള്ള ഒരുക്കത്തിലാണ് സത്യൻ. വീടു പണിയാൻ തീരുമാനിച്ച സ്ഥലത്തു വെച്ചാണ് സത്യൻ ചെക്ക് കൈമാറിയത്. ഇപ്പോഴും മുടക്കമില്ലാതെ തുടരുന്നു ചുമടെടുപ്പ്

***ഫോട്ടോ അടിക്കുറിപ്പ്: കുന്നംകുളം ബസ് സ്റ്റാന്റിലെ ചുമട്ടുതൊഴിലാളി കെ വി സത്യൻ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയുള്ള ഒരു ലക്ഷം രൂപ തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എ സി മൊയ്തീന് കൈമാറുന്നു***

# ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന നൽകി ഒന്നാം ക്ലാസുകാരി

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് സംഭാവന നൽകി ഒന്നാം ക്ലാസുകാരി. കൊടുങ്ങല്ലൂർ തണ്ടാംകുളം മരോട്ടിക്കൽ ഷിജുവിന്റെയും ജിനിയുടെയും മൂത്തമകൾ ആറുവയസ്സുകാരി അലനാ മരിയയാണ് തനിക്ക് ബന്ധുക്കൾ സ്നേഹ സമ്മാനമായും വിഷുക്കൈനീട്ടമായും മറ്റും നൽകി കൂട്ടി വെച്ച 2000 രൂപ ദുരിതാശ്വാസ നിധിയിലേക്ക് നൽകിയത്. ടി.കെ എസ് പുരം സാന്താ മറിയ ഇംഗ്ലീഷ് മീഡിയം സ്കൂളിലെ വിദ്യാർത്ഥിനിയായ അലനാ മരിയ തന്റെ പണം സംഭാവനയായി നൽകണമെന്ന് മാതാപിതാക്കളോട് ആവശ്യപ്പെട്ടതിനെ തുടർന്ന് നഗരസഭാ ഓഫീസിലേയ്ക്ക് കുടുംബസമേതം എത്തുകയായിരുന്നു. തുടർന്ന് ചെയർമാൻ കെ ആർ ജൈത്രന് തുക കൈമാറി. കൊടുങ്ങല്ലൂരിലെ ജുവല്ലറി ജീവനക്കാരനാണ് പിതാവ് ഷിജു.

***ഫോട്ടോ അടിക്കുറിപ്പ്: മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് കൊടുങ്ങല്ലൂർ തണ്ടാംകുളം മരോട്ടിക്കൽ ഷിജു -ജിനി ദമ്പതികളുടെ മകളായ അലനാ മരിയ 2000 രൂപ ചെയർമാൻ കെ ആർ ജൈത്രന് തുക കൈമാറുന്നു***

# കോവിഡ് 19; മികച്ച പ്രതിരോധ പ്രവർത്തനത്തിന് ചാവക്കാട് പോലീസിന് അനുമോദനം

കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങൾ മികച്ച രീതിയിൽ നടപ്പാക്കുന്നതിന് ചാവക്കാട് പോലീസിന് അനുമോദന പ്രവാഹം. കോവിഡ് പ്രതിരോധത്തിന് പുറമെ ജനസേവന പ്രവർത്തനങ്ങളും കാഴ്ച വെച്ചതിന് കൂടിയാണ് ഈ അംഗീകാരം. ചാവക്കാട് പോലീസ് സ്റ്റേഷനിലെ ഇൻസ്പെക്ടർ എസ്.എച്ച്.ഒ അനിൽ ടി. മേപ്പിള്ളി, എസ്.ഐ യു. കെ ഷാജഹാൻ എന്നിവരടങ്ങുന്ന 46 പോലീസുകാർക്കുമാണ് അഭിനന്ദനം ലഭിച്ചത്. ജില്ലാ പോലീസ് കമ്മീഷണർ ആർ. ആദിത്യ ചാവക്കാട് സ്റ്റേഷനിൽ നേരിട്ടെത്തി അനുമോദന പത്രം നൽകി. വീൽചെയർ, ഭക്ഷ്യകിറ്റ്, അവശ്യ മരുന്നുകൾ എന്നിവയുടെ വിതരണം, വീടുകളുടെ അറ്റകുറ്റ പണികൾ, ശൗചാലയ നിർമ്മാണം എന്നിങ്ങനെ നിരവധി സാമൂഹ്യ പ്രവർത്തനങ്ങളും ചാവക്കാട് പോലീസിന്റെ നേതൃത്വത്തിൽ നടക്കുന്നുണ്ട്.

***ഫോട്ടോ അടിക്കുറിപ്പ്: കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങൾ മികച്ച രീതിയിൽ കൈകാര്യം ചെയ്യുന്നതിന് ചാവക്കാട് സ്റ്റേഷനിൽ നേരിട്ടെത്തി ജില്ലാ പോലീസ് കമ്മീഷണർ ആർ. ആദിത്യ അനുമോദന പത്രം നൽകുന്നു***

# വലപ്പാട് പഞ്ചായത്ത് ജനകീയ ഹോട്ടലിൽ ഇനി മുതൽ 25 രൂപയ്ക്ക് ഊണ്

സർക്കാരിന്റെ ജനകീയ ഭക്ഷണ ശാലയുടെ ചുവട് പിടിച്ച് 25 രൂപയ്ക്ക് ഊണ് ഉണ്ടാക്കി പാഴ്സൽ വിതരണം ചെയ്യുകയാണ് വലപ്പാട് കുടുംബശ്രീ പ്രവർത്തകർ. ലോക് ഡൗണിന്റെ ഭാഗമായി ഭക്ഷണശാലകൾ തുറക്കാൻ അനുവദമില്ലാതാത്തതിനാൽ ബുദ്ധിമുട്ടുന്നവർക്ക് ആശ്വാസമാവുകയാണ് ഈ സ്ഥാപനം. പാഴ്സലായാണ് ഇപ്പോൾ ഊണ് ലഭിക്കുന്നത്. ലോക്ക് ഡൗൺ തിരുന്നതോടെ ജനകീയ ഹോട്ടലിൽ ഇരുന്ന് കഴിക്കുന്നതിനും സൗകര്യമുണ്ടാകും.നിലവിൽ കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ വലപ്പാട് പഞ്ചായത്തിന്റെ സഹകരണത്തോടെ ചന്തപ്പാട് പഞ്ചായത്ത് ഷോപ്പിങ്ങ് കോംപ്ലക്സ് മുറിയിലാണ് ജനകീയ ഹോട്ടൽ പ്രവർത്തിക്കുന്നത്. കുടുംബശ്രീയുടെ നേതൃത്വത്തിൽ അഞ്ച് വനിതകൾ ചേർന്നാണ് നടത്തിപ്പ്. ഇവിടെ നിന്ന് നേരിട്ട് ഭക്ഷണം വാങ്ങുന്നവർക്ക് 20 രൂപയും പാഴ്സലിന് 25 രൂപയുമാണ്. വലപ്പാട് പഞ്ചായത്ത് ജനകീയ ഹോട്ടലിൽ നിന്ന് ദിനംപ്രതി 10 ഊണ് സൗജന്യമായി നൽകുന്നുണ്ട്. ഇതിനുള്ള തുക പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നോ സ്പോൺസർ വഴിയോ കണ്ടെത്തും.

# ദേശീയപാത 66 ടാറിങ് തുടങ്ങി

5.88 കോടി രൂപ ചെലവഴിച്ച് ദേശീയപാത 66 തളിക്കുളം കിങ് ഓഡിറ്റോറിയം മുതൽ കയ്പമംഗലം വരെയുള്ള ഭാഗത്തിന്റെ ടാറിങ് തുടങ്ങി. റബ്ബറൈസ്ഡ് റോഡാണ് നിർമ്മിക്കുന്നത്. മൂന്നാഴ്ച്ചക്കുള്ളിൽ റോഡ് നിർമ്മാണം പൂർത്തിയാകുമെന്ന് കരാർ കമ്പനി ഉറപ്പ് നൽകി. ദേശീയ പാത 66 ന്റെ നിർമ്മാണത്തിന് എട്ട് കോടിയാണ് സർക്കാർ അനുവദിച്ചത്. കരാർ കമ്പനി 5.88 കോടി ക്ക് പണി ഏറ്റെടുക്കുകയായിരുന്നു. തൃപ്രയാർ മുതൽ നാട്ടിക വരെയുള്ള റോഡ് നിർമ്മാണമാണ് പുരോഗമിക്കുന്നത്.

# തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി: കയ്പമംഗലം മണ്ഡലത്തിന് 3 കോടി 42 ലക്ഷം രൂപ

മുഖ്യമന്ത്രിയുടെ 'തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി'യിൽ ഇനി കയ്പമംഗലവും. പദ്ധതിയിൽ ഉൾപ്പെടുത്തി നിയോജകമണ്ഡലത്തിന് 3 കോടി 42 ലക്ഷം രൂപയാണ് സംസ്ഥാന സർക്കാർ അനുവദിച്ചത്. മണ്ഡലത്തിലെ ഏഴു പഞ്ചായത്തുകളിലേയും തിരഞ്ഞെടുത്ത തോടുകളുടേയും റോഡുകളുടേയും പുനരുദ്ധാരണത്തിനാണ് ഭരണാനുമതിയായത്.

പ്രളയകാലത്ത് തകർന്നതും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിൽ വരുന്നതും എന്നാൽ റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്താത്തതുമായ റോഡുകളുടെ പുനരുദ്ധാരണമാണ് ഇതിന് കീഴിൽ വരിക. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് ഫണ്ട് അനുവദിക്കുന്ന ഈ പദ്ധതിയുടെ നിർവ്വഹണം ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയാണ് നടപ്പാക്കുന്നത്. പൊതുമരാമത്ത് പണികൾക്ക് പ്ലാൻ ഫണ്ടിൽ പാലിക്കേണ്ട എല്ലാ നിബന്ധനകളും പാലിച്ച്, പുനരുദ്ധാരണ പ്രവൃത്തികളുടെ പ്രവർത്തനവും പരിപാലനവും രണ്ട് വർഷത്തേയ്ക്ക് ഉറപ്പു വരുത്തിയുമാണ് ടെണ്ടർ നടപടികൾ പൂർത്തിയാക്കുക.

മണ്ഡലത്തിലെ എറിയാട് പഞ്ചായത്തിലെ ചെമ്മീൻ തോട് സൈഡ് സംരക്ഷണ ഭിത്തി 30 ലക്ഷം , എടവിലങ്ങ് പഞ്ചായത്തിലെ കുഞ്ഞയിനി ലക്ഷം വീട് റോഡ് 11 ലക്ഷം, കർഷക ഹനുമാൻ ലിങ്ക് റോഡ് 11 ലക്ഷം, പെരുംതോട് വേടിത്തോടിനെ ബന്ധിപ്പിക്കുന്ന 10 അടി സ്ഥലം റോഡാക്കി മാറ്റുന്നത് 37 ലക്ഷം, വാർഡ് രണ്ടിലെ കോളനി റോഡ് 11 ലക്ഷം, ശ്രീനാരായണപുരം പഞ്ചായത്തിലെ പത്താഴക്കാട് മുള്ളൻബസാർ റോഡ് 10 ലക്ഷം, ഹിറാ പള്ളി പുതുമനപ്പറമ്പ് റോഡ് റീ ടാറിംഗും സംരക്ഷണഭിത്തിയും 10 ലക്ഷം, കട്ടൻബസാർ പതിയാശ്ശേരി റോഡ് 16 ലക്ഷം, മാമ്പി ബസാർ സ്റ്റേഡിയം ഇല്ലി ചോട് റോഡ് 20 ലക്ഷം, മദ്രസ റോഡ് 10 .76 ലക്ഷം, ശംഖു കുളങ്ങര താമരകുളം റോഡ് 10.6 ലക്ഷം, മതിലകം പഞ്ചായത്തിലെ പുതിയകാവ് സൊസൈറ്റി റോഡ് 10 ലക്ഷം, പെരിഞ്ഞനം പഞ്ചായത്തിലെ പനപ്പറമ്പ് മഹള്ള റോഡ് 20 ലക്ഷം, സൗഹൃദയറോഡ് റീ ടാറിംഗ് 10 ലക്ഷം, കയ്പമംഗലം പഞ്ചായത്തിലെ മഹള്ള 18 മുറി റോഡ് 20 ലക്ഷം, ഗ്രാമ ലക്ഷ്മി കൽവർട്ട് പാലം (വാർഡ് 3 ) 30 ലക്ഷം എടത്തിരുത്തി പഞ്ചായത്തിലെ താടിക്കാരൻ റോഡ് ടാറിംഗും റീ ടാറിംഗും 15 ലക്ഷം, കരിപ്പത്തോട് റോഡ് നിർമ്മാണം സൈഡ് സംരക്ഷണ ഭിത്തി 20 ലക്ഷം, മധുരം പള്ളി ശ്രീമുരുകൻ റോഡ് 50 ലക്ഷം എന്നീ പ്രവർത്തികൾക്കാണ് ഭരണാനുമതി കിട്ടിയിരിക്കുന്നത്. അതാത് പഞ്ചായത്തുകൾ തുടർനടപടികൾ പൂർത്തീകരിച്ചാൽ വലിയ ഒരു പദ്ധതി എത്രയും വേഗത്തിൽ പൂർത്തിയാക്കാൻ കഴിയുമെന്ന് ഇ ടി ടൈസൺ മാസ്റ്റർ എംഎൽഎ അറിയിച്ചു.

## പുന്നയൂർക്കുളം പഞ്ചായത്ത്
## കനോലി കനാലിലെ ചെളി നീക്കും

ചെളി നിറഞ്ഞ് ആഴം കുറഞ്ഞ കനോലി കനാൽ വൃത്തിയാക്കാൻ പുന്നയൂർക്കുളം പഞ്ചായത്ത് തീരുമാനിച്ചു. ജൂണോടെ ശക്തമായ മഴ ഉണ്ടാകുമെന്ന മുന്നറിയിപ്പുകൾ കണക്കിലെടുത്താണ് തീരുമാനം. ചെളി നിറഞ്ഞതിനാൽ കനാലിലൂടെയുള്ള ജലം ഒഴുക്ക് തീരെ കുറവാണ്. ശക്തമായ മഴ പെയ്താൽ കരയിലേക്ക് പ്രളയജലം കയറി വീടുകളിൽ നാശനഷ്ടങ്ങൾക്കും ജനജീവിതത്തിന് പ്രയാസമുണ്ടാക്കുന്നതിനും സാധ്യതയുണ്ട്. കഴിഞ്ഞ രണ്ടു വർഷമായി ഈ സ്ഥിതി തുടർന്ന് ജനങ്ങൾ ബുദ്ധിമുട്ടിലായി. അതിനൊരു പരിഹാരം കാണാൻ ലക്ഷ്യമിട്ട് സംസ്ഥാന സർക്കാർ നിർദ്ദേശപ്രകാരം ജില്ലാ ഭരണകൂടത്തിന്റെ സഹായ സഹകരണത്തോടെ ചെളിനീക്കം ആരംഭിക്കാനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു. 15 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി സങ്കേതിക അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. ഇത് ലഭ്യമായാൽ ഉടൻ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് പണികൾ ആരംഭിക്കാനാണ് പദ്ധതിയെന്ന് പുന്നയൂർക്കുളം പഞ്ചായത്ത് പ്രസിഡന്റ് എ. ഡി ധനീപ് അറിയിച്ചു.

## തുടരും